"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശഭരണസ്ഥാപനങ്ങളുടെ ലൈബ്രറികളിൽ കേരള സ്റ്റേറ്റ് ബുക്ക് മാർക്കിന്റെ സഹകരണത്തോടെ ഇ-ലൈബ്രറി സൗകര്യം ഏർപ്പെടുത്തുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2561/2024/LSGD തീയതി,തിരുവനന്തപുരം, 30-12-2024

---

പരാമർശം:- 1. കേരള സ്റ്റേറ്റ് ബുക്ക് മാർക്ക് സെക്രട്ടറിയുടെ 21.06.2023-ലെ 03/A2/127/23 KSBM നമ്പർ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12.2024-നു നടന്ന യോഗത്തിന്റെ തീരുമാനം 2.4 ഖണ്ഡിക 4.60

**ഉത്തരവ്**

തദ്ദേശഭരണസ്ഥാപനങ്ങളിൽ ഇ-ലൈബ്രറി സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ട് നിർദ്ദേശം ബുക്ക് മാർക്ക് സെക്രട്ടറി പരാമർശം 1 പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. പുസ്തകങ്ങൾ, ജേർണലുകൾ, ന്യൂസ്പേപ്പർ ആർക്കൈവുകൾ, വിജ്ഞാനപ്രദമായ മറ്റ് വിവരശേഖരം എന്നിവയുടെ ഡിജിറ്റൽ കോപ്പികൾ വെർച്ചൽ ആയി സൂക്ഷിക്കുകയും, ഒരു കമ്പ്യൂട്ടർ വഴി ഈ ഡിജിറ്റൽ രേഖകൾ വായിക്കാൻ വായനക്കാരനെ അനുവദിക്കുകയും ചെയ്യുന്ന സാങ്കൽപ്പിക ലൈബ്രറിയാണ് ഇ-ലൈബ്രറി എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 2000 ബുക്കുകൾ, മെഡിക്കൽ & എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ/സ്പോക്കൺ ഇംഗ്ലീഷ്/മത്സര പരീക്ഷ/IAS-KAS മത്സര പരീക്ഷ സഹായികൾ, പൊതുവിജ്ഞാന ബുക്കുകൾ എന്നിവയുടെ ലൈസൻസോടെയുള്ള ഇ-ബുക്കുകളാണ് ഇ-ലൈബ്രറിയിൽ ലഭ്യമാക്കുന്നത്. 5 കമ്പ്യൂട്ടർ, കസേര, മേശ, UPS, വൈദ്യുതീകരണമടക്കമുള്ള കേബിൾ സൗകര്യം, പരിശീലനം തുടങ്ങിയവയാണ് പ്രധാന ഘടകങ്ങൾ. കമ്പ്യൂട്ടറിന് 3 വർഷം വാറന്റി നൽകുമെന്നും ഓർഡർ ലഭിക്കുന്ന മുറയ്ക്ക് 3 ആഴ്ചയ്ക്കകം ഇവ ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യമില്ലാതെയും ഇ-ലൈബ്രറി സൗകര്യം ലഭ്യമാക്കാവുന്നതാണ്. ഇത് നടപ്പാക്കാൻ തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹകരണമുണ്ടാകണമെന്ന് ബുക്ക് മാർക്ക് സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്.

2. പഞ്ചായത്തുകളിൽ കമ്പ്യൂട്ടർ സൗകര്യം ലഭ്യമാണെങ്കിൽ ആ കമ്പ്യൂട്ടറുകളിൽ ഇ-ലൈബ്രറി സംവിധാനം സജ്ജമാക്കാവുന്നതാണ് (Plan A). കമ്പ്യൂട്ടറുകളുടെ സൗകര്യം ഇല്ലാത്തപക്ഷം കമ്പ്യൂട്ടറുകളോടുകൂടിയും ഇ-ലൈബ്രറി സ്ഥാപിക്കാവുന്നതാണ് (Plan B). ഇതിനായി പഞ്ചായത്ത് കുറഞ്ഞത് 150 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള സ്ഥലം ലഭ്യമാക്കേണ്ടതുണ്ട്. ഇതിൽ കമ്പ്യൂട്ടർ, മേശ, കസേര, യു.പി.എസ്. ബാറ്ററി, കേബിളിംഗ് എന്നിവയോട് കൂടിയുള്ള ടോട്ടൽ

സൊല്യൂഷനിലൂടെ ഇ-ലൈബ്രറി സജ്ജമാക്കാവുന്നതാണ്. മേൽ പ്രകാരം രണ്ടു രീതിയിൽ തദ്ദേശ സ്ഥാപനങ്ങളിൽ ഇ-ലൈബ്രറി സ്ഥാപിക്കുന്നതിനായി ചുവടെ പ്രകാരമുള്ള റിപ്പോർട്ട് പ്ലാൻ ബുക്ക്മാർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

| | Product | Quantity | Price |
|---|---|---|---|
| Plan A | e-Library solution<br><br>eBooks 2000 nos, Objective type question and answers for Medical & Engineering entrance exams, Question and answers for Bank test, PSC exams and other competitive exams, Contents for IAS and KAS competitive exams, Video explaining how to enjoy Kathakali, Chemistry video lab, Visual dictionary etc.<br><br>Content management system. The application will have a user registration section, where user will be provided with a user name and password. The user can read books from this application as the feeling of live reading, option for zoom, find, index, etc.., for book reading is provided. The number of books read by each user can be recorded. | 1 | 6,75,000 |
| Plan B | The above-mentioned contents in 1 Core i5 computer as server and 5 Core i3 computers, 6 tables and chairs, UPS with battery backup of 2 hours, labour and material cost for the electrification of 6 computer points and one point for networking switch and labour and material cost of Data cabling, fixing of rack for networking, Setting up of Infrastructure, Installation and Training. | 1 | 10,45,000 |
| Terms & Conditions<br>1. Warranty- 3 years for computers, software and contents, 2 years for battery.<br>2. Delivery-within 3 weeks from the date of confirmed order.<br>3. Price quoted is inclusive of setting up the infrastructure, installation, and hand holding the concerned authorities, GST extra as actuals. | | | |

3. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി

പരിശോധിച്ചു. ലൈബ്രറികളിൽ ഇ-ലൈബ്രറി സൗകര്യം ഒരുക്കാവുന്നതാണെന്ന സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അഭിപ്രായം പരിഗണിച്ചും, സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള സ്ഥാപനമാണ് ബുക്ക് മാർക്ക് എന്നത് പരിഗണിച്ചും, തദ്ദേശഭരണസ്ഥാപനങ്ങളുടെ ലൈബ്രറികളിൽ ഇ-ലൈബ്രറി സൗകര്യം ഒരുക്കുന്നതിന് കേരള സ്റ്റേറ്റ് ബുക്ക് മാർക്കിന് നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവാകുന്നു. സംസ്ഥാനത്താകെ ഇ-ലൈബ്രറി സ്ഥാപിക്കുന്നു എന്നതിനാൽ ഇ-ബുക്കിന്റെ വില കുറയ്ക്കുന്നത് ബുക്ക് മാർക്ക് പരിഗണിക്കേണ്ടതാണ്. ഇ-ലൈബ്രറി സ്ഥാപിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യം തദ്ദേശഭരണ സ്ഥാപനമാണ് ഒരുക്കുന്നതെങ്കിൽ നിലവിലെ മാനദണ്ഡ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചു വേണം ഇത് സ്ഥാപിക്കേണ്ടത്. എന്നാൽ ബുക്ക് മാർക്ക് നേരിട്ടാണ് ഇത് സ്ഥാപിക്കുന്നതെങ്കിൽ ചട്ടപ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കേണ്ട ചുമതല ബുക്ക്മാർക്കിനു തന്നെയായിരിക്കും. ഒപ്പം, ബുക്ക്മാർക്ക് ഇ-ബുക്ക് ശേഖരിച്ചത് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് എന്ന് ഉറപ്പുവരുത്തേണ്ട ചുമതലയും ബുക്ക്മാർക്കിനു തന്നെയായിരിക്കും. മേൽ ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള സ്പെസിഫിക്കേഷനും നിബന്ധനകളും അനുസരിച്ചായിരിക്കണം ഇ-ബുക്ക് സൗകര്യം ഒരുക്കേണ്ടത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്, പുന്നാപുരം, ഫോർട്ട് പി.ഒ - 695023
2. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. സെക്രട്ടറി, സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ
11. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
16. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
17. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
18. ഡയറക്ടർ ജനറൽ, കില
19. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
21. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
22. തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്
23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 30-12-2024 11:32:49

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്